04-12-2021

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 04/12/2021

1. കൃഷിവകുപ്പ് പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന സ്ഥാപനങ്ങളിലെ പദ്ധതി അധിഷ്ഠിത പച്ചക്കറി കൃഷിയുടെ തൈനടീൽ ഉൽഘാടനം ഇന്ന് രാവിലെ (04-12-2021) എട്ടുമണിക്ക് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും. കാസറഗോഡ് സർക്കാർ ജനറൽ ആശുപ്രതിയിൽ വച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. അതു കഴിഞ്ഞു രാവിലെ 10 മണിക്ക് മുൻസിപ്പൽ കോൺഫറൻസ് ഹാളിൽ വച്ച് ജില്ലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ കുറിച്ചുള്ള അവലോകന യോഗം ഉണ്ടായിരിക്കും. സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ ഉൽഘാടനം ഇന്ന് വൈകിട്ട് മൂന്ന് മണിക്ക് പച്ചമ്പളയിൽ ഗാർഡൻ സിറ്റി ഓഡിറ്റോറിയത്തിൽ വച്ച് കൃഷിമന്ത്രി നിർവഹിക്കും. വോർക്കാടി കെ.വി.കെ പടന്നക്കാട് കാർഷിക കോളേജ് എന്നിവടങ്ങളിലും കൃഷി മന്ത്രി സന്ദർശനം നടത്തുന്നതാണ്

2. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ പുതുതായി നിർമ്മിച്ച കന്നുകാലി ഷെഡുകളുടെ ഉദ്ഘാടനം ഇന്ന് (04.12.2021) രാവിലെ 11 മണിക്ക് കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ വട്ടിയൂർക്കാവ് എം.എൽ.എ വികെ.പ്രശാന്തിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വച്ച് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. തിരുവനന്തപുരം മേയർ എസ്. ആര്യ രാജേന്ദ്രൻ മുഖ്യാതിഥി ആയിരിക്കും. ഇതിനോടനുബന്ധിച്ച് ശാസ്ത്രീയ പശുപരിപാലനം, ആടുവളർത്തൽ എന്നീ വിഷയങ്ങളിൽ രാവിലെ 9.30 മുതൽ കർഷക സെമിനാറും ഉണ്ടായിരിക്കും.

3. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെയും മലപ്പുറം ജില്ലാ മണ്ണുപരിശോധന ലാബോറട്ടറിയുടെയും ആഭിമുഖ്യത്തിൽ പൊന്നാണ് മണ്ണ് എന്ന വിഷയത്തിൽ കാർഷിക സെമിനാർ സംഘടിപ്പിക്കുന്നു. ജില്ലാ പഞ്ചായത്ത് ഹാളിൽ ഇന്ന് (04.12.2021-ന്) രാവിലെ 10 മണിക്ക് തുടങ്ങുന്ന സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എം.കെ. റഫീഖ ഉദ്ഘാടനം ചെയ്യും. മണ്ണ് പരിശോധന, മണ്ണ് സംരക്ഷണം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. സെമിനാറിനോടനുബന്ധിച്ച് സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലാബോറട്ടറി നടത്തുന്ന മണ്ണുപരിശോധന ക്യാമ്പിൽ കർഷകർക്ക് മണ്ണ്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശോധിച്ച് വളപ്രയോഗ ശുപാർശ ലഭ്യമാക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ടെന്ന് മലപ്പുറം ജില്ലാ മണ്ണ് പരിശോധന കേന്ദ്രം അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് അറിയിച്ചു.

4. ക്ഷീരമേഖലയിലെ ധനസഹായ പദ്ധതികൾ ഇനി മുതൽ ഒറ്റ ക്ലിക്കിൽ അറിയുന്നതിനായി ക്ഷീരവികസന വകുപ്പ് **ക്ഷീരശ്രീ പോർട്ടലിന്** രൂപം നൽകി. പാൽ സംഭരണം, വിപണനം, വില നിർണയം, ക്ഷീരസംഘങ്ങളുടെ അക്കൗണ്ടിംഗ് എന്നിവയും ഇതിൽ ഉൾപ്പെടും. കർഷകർക്ക് വിവിധ പദ്ധതികളുടെ ധനസഹായത്തിനായി ഈ പോർട്ടൽ വഴി ഓൺലൈനായി രജിസ്റ്റർ ചെയ്തശേഷം അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

5. അന്താരാഷ്ട്ര മണ്ണു ദിനം പ്രമാണിച്ച് തിരുവനന്തപുരം മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബും ശ്രീകാര്യം കൃഷിഭവനും സംയുക്തമായി വികാസ് നഗർ റസിഡന്റ്സ് ഓപ്പൺ സ്റ്റേജിൽ വച്ച് സെമിനാറും, കേരളത്തിലെ വിവിധതരം മണ്ണിനങ്ങളുടെയും സോയിൽ മാപ്പിന്റേയും പ്രദർശനവും, സൗജന്യ മണ്ണു പരിശോധനയും സംഘടിപ്പിച്ചിരിക്കുന്നു. ഇവയുടെ ഉദ്ഘാടനം നാളെ (05.12.2021) രാവിലെ 9.30-ന് കഴക്കൂട്ടം എം.എൽ.എ കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കും. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ നടത്തി സെമിനാറിൽ പങ്കെടുക്കുന്ന ആദ്യ 40 പേർക്ക് മണ്ണ് സാമ്പിളുകൾ അന്നേ ദിവസം തന്നെ പരിശോധിച്ച് റിസൾട്ടും വളം ശുപാർശയും നൽകുന്നതാണ്.

6. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ കറവയുള്ളതും/കറവവറ്റിയതുമായ 25 പശുക്കളെ ഈ മാസം 9-ന് (09.12.2021) രാവിലെ 11 മണിയ്ക്ക് ഫാം ഓഫീസ് പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് 11 മണിയ്ക്ക് മുൻപായി 4000/- രൂപ നിരതദ്രവ്യമടച്ച് പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9846671074, 8547194180** എന്നീ ഫോൺ നമ്പരുകളിലോ jfeu.ahd@kerala.gov.in എന്ന മെയിലിലോ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

7. വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് നടപ്പു സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതി ആയി നടപ്പിലാക്കുന്ന പട്ടിക വർഗ്ഗ വനിതകൾക്കായുള്ള **പോത്തുക്കുട്ടി വളർത്തൽ**

**പ്രോജക്റ്റ്** പ്രകാരം അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ യോഗം ഈ മാസം 6-ന് (06.12.2021) ഉച്ചയ്ക്കു 6 മണിക്ക് കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ മീറ്റിംഗ് ഹാളിൽ വച്ച് കൂടുന്നതാണെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിക്കുന്നു.

**പരിശീലന പരിപാടികൾ**

8. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 7-ന് കിഴങ്ങുവർഗ വിളകളുടെ സംസ്കരണവും മൂല്യവർദ്ധനവും എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. വെള്ളായണി കാർഷിക കോളേജ് വി.എച്ച്.എസ്.സി (അഗ്രിക്കൾച്ചർ) പാസ്സായ വിദ്യാർഥികൾക്കായി **ഫിനിഷിങ് സ്കൂൾ പരിശീലന**പരിപാടി സംഘടിപ്പിക്കുന്നു. നൈപുണ്യ വികസന അടിസ്ഥാനത്തിൽ ഊന്നിയുള്ള പരിശീലനത്തിലൂടെ വിദ്യാർഥികളുടെ തൊഴിൽ സാധ്യത വർധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കാർഷികകോളേജിൽ സംഘടിപ്പിക്കുന്ന പരിശീലനത്തിന് ശേഷം രണ്ടു മാസത്തെ അപ്രന്റീസ് പരിശീലനവും ഉണ്ടായിരിക്കും. പരിശീലനപരിപാടി തികച്ചും സൗജന്യമാണ്. താല്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പോടു കൂടിയുള്ള അപേക്ഷ അസ്സോസിയേറ്റ് പ്രൊഫസർ ആൻഡ് ഹെഡ്, ട്രെയിനിങ് സർവീസ് സ്കീം, കാർഷികകോളേജ്, വെള്ളായണി-695522 എന്ന വിലാസത്തിൽ **ഡിസംബർ 5** നുമുമ്പായി സമർപ്പിക്കേണ്ടതാണ്.

10. ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ക്ഷീരകർഷകർക്കായി **പാലുത്പന്നങ്ങളുടെ നിർമ്മാണം** എന്ന വിഷയത്തിൽ ഈ മാസം 6 മുതൽ 17 വരെ (**ഡിസംബർ 6 മുതൽ 17** തീയതികളിൽ) പത്ത് ദിവസത്തെ ക്ലാസ് റൂം പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഡിസംബർ 6-ന് രാവിലെ 10 മണിക്ക് മുമ്പായി **8075028868, 9947775978, 0476–2698550** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ്, രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.